മാത്രം പ്രസക്തിയുണ്ട്? ആ നടപടികളും ഫലപ്രദമാണോ? ആ നടപടികളും സ്വീകരിക്കുന്നതിന് പ്രത്യേകമായ വല്ല സഹായവും കേന്ദ്രത്തിൽ നിന്നു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കേന്ദ്രഗവൺമെന്റ് ശക്തമായ നടപടികളും സ്വീകരിക്കുന്നു എന്നു പത്രത്തിൽ വാർത്ത കണ്ടു കൂടാതെ മുഖ്യമന്ത്രിമാരെ ഈ മാസാവസാനം ഡൽഹിയിൽ വിളിച്ചുകൂട്ടി അതേപ്പറ്റി ചർച്ച നടത്തുമെന്നും അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകളിലെ സാധനങ്ങളുടെ ഗുണനിലവാരം

*25 [27] ശ്രീ. എൻ. പി. മൊയ്തീൻ:

,, കെ. പി. നൂറുദ്ദീൻ:

,, സിറിയക്ക് ജോൺ:

,, കെ. സുകുമാരനുണ്ണി;

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ഡിപ്പോകളും മുഖാന്തിരം വിതരണം ചെയ്യുന്ന സാധനങ്ങളും ഗുണനിലവാരത്തിൽ മോശമാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം എന്തു നടപടി സ്വീകരിച്ചു;

(സി) മെച്ചപ്പെട്ട സാധനങ്ങളും തന്നെ ഈ ഡിപ്പോകളിൽകൂടി വിതരണം ചെയ്യുവാൻ പ്രത്യേകം നിഷ്കർഷിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) അടുത്തകാലത്തായി പൊതുവെ അങ്ങനെയുള്ള പരാതികളില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മെച്ചപ്പെട്ട സാധനങ്ങളും ഈ ഡിപ്പോകളിൽകൂടി ഇപ്പോളും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ഡിപ്പോകളും മുഖാന്തിരം വിതരണം ചെയ്യുന്ന സാധനങ്ങളും ഗുണനിലവാരത്തിൽ മോശമാണെന്നു മാത്രമല്ല മായം ചേർക്കുന്നുമുണ്ട് എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും ഡിപ്പോകളിൽനിന്ന് ഇങ്ങനെ മായം ചേർത്ത സാധനങ്ങളും പിടിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളും എന്തൊക്കെയാണ്?

ശ്രീ. ടി. എസ്. ജോൺ: അടുത്തകാലത്തായി അങ്ങനെയുള്ള പരാതികളൊന്നും ഉണ്ടായിട്ടില്ല. അങ്ങനെ പരാതി ഉണ്ടായാൽ ഉടൻതന്നെ വേണ്ട നടപടി സ്വീകരിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: പരാതികളുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. രേഖാമൂലം എഴുതി അറിയിച്ചില്ലെങ്കിലും മലബാറിലെ പത്രങ്ങളിൽ മായം ചേർത്ത് വിതരണം ചെയ്യുന്നു എന്നും നല്ല സാധനങ്ങളല്ല കിട്ടുന്നതെന്നുമുള്ള പരാതി വന്നിട്ടുണ്ട്, ഇങ്ങനെയുള്ള ഏതെങ്കിലും പത്രറിപ്പോർട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഡിപ്പോകളിൽ ഒന്നിലെങ്കിലും മായം ചേർത്ത് സാധനങ്ങൾ വിൽക്കുന്നില്ല. അങ്ങനെയുള്ള പരാതി ഉണ്ടായിട്ടില്ല. അങ്ങനെയുള്ള പരാതി അടിസ്ഥാനരഹിതമാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: സിവിൽ സപ്ലൈസ് ഡിപ്പോകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ ആരിൽ നിന്നാണ് വാങ്ങുന്നത്? വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ വല്ല സംവിധാനവുമുണ്ടോ; കാളിറ്റി ഇൻസ്പെക്ടറോ അതുപോലുള്ള വല്ല സംവിധാനമോ ഉണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഏറ്റവും മെച്ചപ്പെട്ട സാധനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും NAFED മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുകയാണ്. നോശപ്പെട്ട യാതൊരു സാധനങ്ങളും വാങ്ങുന്നില്ല. കലർപ്പില്ലാത്ത സാധനങ്ങൾ വാങ്ങി ഡിപ്പോകളിൽ കൂടി വിതരണം ചെയ്യുന്നു. യാതൊരു പരാതിയും ഇതിനെ സംബന്ധിച്ച് ഇല്ല.

ശ്രീ. കെ. സുകുമാരനുണ്ണി: ഇപ്പോൾ സംസ്ഥാനത്ത് എത്ര ഡിപ്പോകൾ ഉണ്ട്? പുതുതായി വല്ല ഡിപ്പോകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നമ്മുടെ സംസ്ഥാനത്ത് മൊത്തം 17 ഡിപ്പോകൾ ഉണ്ട്. അടുത്തകാലത്ത് അഞ്ചു ഡിപ്പോകൾകൂടി തുറന്നു. ഇനിയും അടുത്തുതന്നെ വൈക്കം, ചാലക്കുടി, ചങ്ങനാശ്ശേരി എന്നീ മൂന്നു സ്ഥലങ്ങളിൽകൂടി താലൂക്ക് ഡിപ്പോകൾ ആരംഭിക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ചേർത്തല, അമ്പലപ്പുഴ താലൂക്കിൽ വിതരണത്തിനു നൽകിയ അരി ഉപയോഗശൂന്യമായതുകൊണ്ട് വിഴുങ്ങിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് മാറ്റിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് റേഷൻ കടകൾ അടച്ചിട്ടിരിക്കുന്നു എന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ചേർത്തല അടച്ചിട്ടിട്ടില്ല. സമരം നടത്തുമെന്ന് അവർ അറിയിച്ചിട്ടുണ്ട്. എഫ്. സി. ഐ. യിൽ നിന്നും കിട്ടുന്ന അരിയെപ്പറ്റി പരാതിയുണ്ട്. നല്ലയിനം അരി പലപ്പോഴും എഫ്. സി. ഐ. യിൽ നിന്നും ലഭിക്കാറില്ല. എഫ്. സി. ഐ. നല്ലയിനം അരി യെടുത്ത് സംസ്ഥാന ഗവൺമെൻറിനു വിതരണം നടത്തണമെന്ന് കേന്ദ്ര ഗവൺമെൻറിനോടും എഫ്. സി. ഐ. ചെയർമാനോടും സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്ടിട്ടും എഫ്. സി. ഐ. യിൽ നിന്നും നല്ലയിനം അരി ലഭിക്കാത്തതുമൂലം എഫ്. സി. ഐ. യുടെ പ്രവർത്തനപ്രാഹിത്യത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഡെഫിസിറ്റ് സംസ്ഥാനങ്ങളിലെ ഭക്ഷ്യവകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം അടുത്തുതന്നെ വിളിച്ചു കൂട്ടുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എത്രയും വേഗം എഫ്. സി. ഐ. നല്ലയിനം അരി സംസ്ഥാനങ്ങൾക്ക് വിതരണം നടത്തണമെന്ന് കേന്ദ്രഗവൺമെൻറിനോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: കേരള സ്റ്റേറ്റുകളിൽ വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊടുക്കുന്ന സാധനങ്ങൾ ഗുണനിലവാരത്തിൽ ഉയർന്നതാണെന്ന് ബോദ്ധ്യപ്പെടുത്തത്തക്കരീതിയിൽ സ്റ്റോറുകൾ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഉണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: സാധാരണ വിൽപ്പനയ്ക്കുള്ള സാധനങ്ങളുടെ വിലനിലവാരപ്പട്ടിക കടകളിൽ തൂക്കുന്ന സമ്പ്രദായമുണ്ടായിരുന്നു, സാധനങ്ങളുടെ വിലവിവരപ്പട്ടിക നിർബന്ധമായും തൂക്കിയിരിക്കണമെന്നു നിർബന്ധിക്കാൻ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റോറുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതുമാണ്. അതുമൂലം അടുത്തുള്ള കടകളും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിർബന്ധിതരായിത്തീരും.

ശ്രീ. ടി. എ. പരമൻ: സാധനങ്ങളുടെ ഗുണനിലവാരം മോശപ്പെട്ടതാണെന്ന് മലബാറിലെ പത്രങ്ങളിൽ വന്നിരുന്നു എന്ന് ശ്രീ. നൂറുദ്ദീൻ പറയുകയുണ്ടായി. ആ പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതേപ്പറ്റി അന്വേഷണം നടത്തിയതിനുശേഷമാണോ മന്ത്രി പറഞ്ഞത് ഈ സാധനങ്ങളുടെ ഗുണനിലവാരം നല്ലതാണെന്ന്. അതല്ല പത്രറിപ്പോർട്ടുകൾ കാണാത്തതുകൊണ്ടു പറഞ്ഞതാണോ?

ശ്രീ. ടി. എസ്. ജോൺ: അന്വേഷണം നടത്തിയിട്ടുണ്ട്. നല്ല സാധനങ്ങൾ തന്നെയാണ് വിതരണം നടത്തുന്നത്.

ശ്രീ. കെ. അനിരുദ്ധൻ: സിവിൽ സപ്ലൈസ് കോർപ്പറേഷനിലുള്ള സാധനങ്ങൾ ഗുണനിലവാരത്തിൽ മെച്ചപ്പെട്ടതാണെന്നു പറയുകയുണ്ടായി. മൂന്നു കൊല്ലമായി പഞ്ചാബിൽ പോയി ബസുമതി അരി വാങ്ങിക്കൊണ്ടുവന്ന് ഫുഡ് കോർപ്പറേഷൻ ഗോഡൗണിൽ സൂക്ഷിച്ചിട്ട് ഇതുവരെ തിരിച്ചെടുത്തിട്ടില്ല എന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാത്രമല്ല സാധാരണ ബസുമതി പച്ചരിയാണ് ഇവിടെയുള്ളവർക്കാവശ്യം. ഇത് പുഴുക്കലരിയാണ്, അത് ഇതുവരെ തിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. ടി. എസ്. ജോൺ: ശ്രദ്ധയിൽ വന്നിട്ടില്ല. അന്വേഷിക്കാം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഡിപ്പോകളിലും, കേരള സ്റ്റോറുകളിലും ഏറ്റവും നല്ലയിനം സാധനങ്ങളാണ് വിതരണം നടത്തുന്നത്. മോശപ്പെട്ട സാധനങ്ങൾ യാതൊരു കാരണവശാലും വിതരണം നടത്തരുതെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണത്തെസംബന്ധിച്ചും മായം ചേർക്കലിനെ സംബന്ധിച്ചും പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇന്നുള്ള നിയമത്തിന്റെ തണലിൽ അതിനു പരിയായി എന്തെല്ലാം പ്രത്യേക സംവിധാനമാണ് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ജെ. ചാക്കോ: സിവിൽ സപ്ലൈസ് ഡിപ്പോകളിൽ നിന്നാണ് കേരള സ്റ്റോറുകളിലേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നത്. പക്ഷേ യഥാസമയം സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരള സ്റ്റോറുകളിലേക്ക് സാധനങ്ങൾ എത്തിക്കാത്തതുമൂലം കരിഞ്ചന്തക്കാരേയും ഓപ്പൺ മാർക്കറ്റുകാരേയും ആശ്രയിക്കേണ്ട ഗതികേട് കേരള സ്റ്റോറുകൾക്കു വന്നതുകൊണ്ട് ജില്ലാ ഡിപ്പോകളും താലൂക്ക് ഡിപ്പോകളും എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കേരള സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ള എല്ലാ താലൂക്ക് ഹെഡ്കാർട്ടേഴ്സുകളിലും സബ് ഡിപ്പോകൾ ആരംഭിക്കുന്നതാണ്.

ശ്രീ. വട്ടിയൂർക്കാവ് രവി: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു ഡിപ്പോ തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രത്യേകജനബാഹുല്യം കണക്കിലെടുത്ത് അടിയന്തിരമായി ഒരു ഡിപ്പോകൂടി തുറക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇപ്പോൾതന്നെ ഡിപ്പോകൾ ആവശ്യത്തിനുണ്ട്. അതുകൂടാതെ കേരള സ്റ്റോർ മുനിസിപ്പൽ അതിർത്തികളിലും കോർപ്പറേഷനുകളിലുമെല്ലാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ കെട്ടിട നിർമ്മാണത്തിനായി നടത്തിയ ലോട്ടറി

*26 [28] ശ്രീ. ടി. കെ. അബ്ദു:
,, പി. കരുണാകരൻ:
,, പിണറായി വിജയൻ:
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ ലോട്ടറി നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എന്തു തുക സമാഹരിച്ചു;

(സി) ഈ തുക വിനിയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ പണിതോ;

(ഡി) എങ്കിൽ എവിടെയെല്ലാം?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ടായി.

(ബി) 28,01,940 രൂപ (ഇരുപത്തിയെട്ടു ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി നാൽപ്പതു രൂപ).

LIBRARY ARCHIVES Kerala Legislative Assembly